# ചിതലുകൾ



ചിതലുകളെ ശ്രദ്ധിക്കണം
ആദ്യം തൊടിയിൽ
പിന്നെ മുറ്റത്ത്
പിന്നീട് നാമറിയുമ്പോഴേക്കും
ഉത്തരത്തിലൂടെ മേൽക്കൂരയിലേക്ക്
അങ്ങനെയാണ് നമുക്ക്
വീടുകൾ നഷ്ടമാകുന്നതെന്ന്
കുഞ്ഞുങ്ങളോട് പറയുക.
ചിതലുകളെ ഇനിയെങ്കിലും
ശ്രദ്ധിക്കുക.
പരസ്യങ്ങളിൽനിന്നും
പാതകളിൽനിന്നും
കടൽ കടത്തുക.

**സത്യചന്ദ്രൻ പൊയിൽക്കാവ്**

# ആരാമത്തിന്റെ രഹസ്യം

മറക്കുകയാണ്...
മലർ വിടർത്തിയതും
മധു ചുരത്തിയതും
മണം പരത്തിയതും
പ്രസാദിപ്പിച്ചതും
മറക്കുകയാണ്...
കുസൃതി കിടാങ്ങൾ
ചില്ലയിൽ തല്ലിനോവിപ്പിച്ചതും...



ഓർക്കുകയാണ്...
തണലും
തണ്ണീർതടവും
തലോടലും
ഓർക്കുകയാണ്...
മുൾമുനകളേറ്റ് മുറിവേറ്റവരേയും....

**മഞ്ഞിയിൽ**



# മടിയാതെ

യാത്രകൾ
അനിവാര്യമാക്കിയത്
നിർബന്ധിതാവസ്ഥയാണ്.
ഇനി-
എങ്ങോട്ടുമില്ലെന്ന്
ശാഠ്യം പിടിച്ച
എന്നെ
യാത്രയാക്കിയതും
നിർബന്ധിതാവസ്ഥയാണ്.

**റസാഖ് എടവനക്കാട്**